84 (1681) നീതിന്യായ വകുപ്പിലെ മുൻസിഫ്/മജിസ്ട്രേറ്റ് നിയമനം

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതിന്യായ വകുപ്പിലെ മുൻസിഫ്/മജിസ്ട്രേറ്റ് നിയമനങ്ങൾ പി.എസ്.സി യ്ക്ക് വിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നിയമനങ്ങൾ പി.എസ്. സി. ക്ക് വിടാതിരിക്കാൻ എന്താണ് കാരണം;

(ബി) ഇപ്പോൾ ഗവൺമെന്റ് തയ്യാറാക്കിയ മുൻസിഫ്/മജിസ്ട്രേറ്റു റാങ്ക് ലിസ്റ്റ് പി.എസ്.സി യുടെ ചട്ടങ്ങൾക്ക് അനുസൃതമായിട്ടാണോ;

(സി) റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനു മുൻപ് നടത്തുന്ന എഴുത്തു പരീക്ഷയ്ക്കും ഇന്റർവ്യൂവിനും നൽകുന്ന മാർക്ക് പി.എസ്.സി. യുടെ മാതൃക യിൽ ആക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1984 വരെ മുൻസിഫ്/മജിസ്ട്രേറ്റു നിയമനങ്ങൾ പി.എസ്.സി. വഴിയാണ് നടത്തിയിരുന്നത്. 1987-ൽ പ്രസ്തുത അധികാരം ഹൈക്കോ ടതിക്കു നൽകി.

(ബി) ആണ്.

(സി) സർക്കാരിന്റെ പരിഗണനയിലില്ല.

85 (1682) വടക്കൻ പറവൂരിൽ മജിസ്ട്രേറ്റ് കോടതി സ്ഥാപിക്ക ണമെന്ന ആവശ്യം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിൽ പുതുതായി മജി സ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടോ; ഇതു സംബന്ധിച്ച സർക്കാർ/ കോടതി നിർദ്ദേശം എന്തൊക്കെയാണ്;

(ബി) പുതുതായി മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കുന്നതു സംബ ന്ധിച്ച് നിർദ്ദേശം എന്താണ്; എവിടെയൊക്കെ പുതിയ മജിസ്ട്രേറ്റ് കോടതി കൾ സ്ഥാപിക്കുവാനാണ് നിർദ്ദേശം; ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് വെളിപ്പെടുത്തുമോ;

(സി) വടക്കൻ പറവൂരിൽ കോടതി സ്ഥാപിക്കുവാൻ ഏറെ സൗകര്യം ഉണ്ടായിട്ട് ഇതു സ്ഥാപിക്കുന്നതിന് തടസ്സം എന്താണെന്ന് വ്യക്ത മാക്കുമോ;

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നത് ഹൈക്കോടതി ശുപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച മുൻഗണനാ ലിസ്റ്റിന്റെ ക്രമമനുസരിച്ചാണ്. നിലവിലുള്ള മുൻഗണനാലിസ്റ്റിൽ 3-ാം സ്ഥാനത്ത് വടക്കൻ പറവൂരിൽ ഒരു അഡീഷണൽ ജുഡീഷ്യൽ ഒന്നാം ക്ലാസ്

LIBRARY ARCHIVES Kerala Legislative Assembly

മജിസ്ട്രേറ്റു കോടതി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ട്. നിലവിലുള്ള മുൻഗണനാ ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) നിലവിലുള്ള ലിസ്റ്റിന്റെ മുൻഗണനാക്രമം പാലിച്ചും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്തും മാത്രമേ കോടതി സ്ഥാപിക്കാൻ കഴിയുകയുള്ളൂ.

86 (1684) ഫയർഫോഴ്സ് ഡിപ്പാർട്ട്മെന്റിൽ ഡ്രൈവർ-കം ഓപ്പറേറ്റർ തസ്തികയിലെ ഒഴിവുകൾ.

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർഫോഴ്സ് ഡിപ്പാർട്ടുമെന്റിൽ ഡ്രൈവർ-കം-ഓപ്പറേറ്ററുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഈ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(സി) ഇതിൽ നിന്നും എത്രപേരെ നിയമിച്ചു;

(ഡി) ഈ ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും;

(ഇ) ഒഴിവുള്ള തസ്തികയിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും ഉടനടി നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫയർഫോഴ്സ് വകുപ്പിൽ ഫയർമാൻ-ഡ്രൈവർ-കം പമ്പ് ഓപ്പറേറ്ററുടെ ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല.

(ബി) 11.3.1997-ൽ

(സി) 145 പേരെ നിയമിച്ചിട്ടുണ്ട്. 29 പേരുടെ ലിസ്റ്റ് കൂടി പി.എസ്.സി. യിൽ നിന്നും 6.9.1999-ന് ലഭിച്ചിട്ടുണ്ട്. അവരെ നിയമിക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

(ഡി) 10.3.2000-ൽ

(ഇ) നിലവിൽ ഒഴിവുകൾ ഒന്നും തന്നെയില്ല. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നികത്തുന്നതാണ്.

87 (1685) ഫോറസ്റ്റ് ഗാർഡ് നിയമനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫോറസ്റ്റ് ഗാർഡ് നിയമനത്തിന് പി.എസ്.സി പ്രസിദ്ധീകരിച്ച നിലവിലുള്ള ലിസ്റ്റിൽ നിന്ന് എത്ര പേരെ നിയമിച്ചു;

(ബി) എത്ര ഒഴിവുകൾ ഇനിയും നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly